# Malayala Manorama
# 30 August 2018
# Kuttanad; After Flood, Reabilitation

## പുതിയ ജീവിതത്തിലേക്കു വിത്ത് എറിഞ്ഞ് കുട്ടനാട്

**അരലക്ഷം പേർ പങ്കാളികളായെന്ന് വിലയിരുത്തൽ**

**മനോരമ ലേഖകൻ**

കുട്ടനാട് ● ചരിത്രമായ പ്രളയത്തിനുശേഷം കുട്ടനാട്ടിൽ ഐതിഹാസികമായ പുനരധിവാസം. പ്രളയശേഷിപ്പിനെ വളമാക്കി കുട്ടനാട് പുതിയ ജീവിതത്തിനു വിത്തിടുന്നു. കൈനകരി ഒഴികെയുള്ള മുഴുവൻ പഞ്ചായത്തുകളിലെയും ആളുകൾ ഇന്നു വീടുകളിലേക്കു മടങ്ങും. വെള്ളം പൂർണമായി ഇറങ്ങിയിട്ടില്ലാത്തതിനാൽ കൈനകരിക്കാരും നെടുമുടി പഞ്ചായത്തിലെ ചില പ്രദേശങ്ങളിലുള്ളവരും ക്യാംപിൽ തുടരും.



കുട്ടനാട്ടിലെ മഹാശുചീകരണ യജ്ഞത്തിന്റെ ഭാഗമായി നീരേറ്റുപുറം സെന്റ് തോമസ് ഇംഗ്ലിഷ് മീഡിയം സ്കൂൾ വൃത്തിയാക്കുന്ന മന്ത്രിമാരായ വി.എസ്. സുനിൽ കുമാറും പി. തിലോത്തമനും.

ശുചീകരണം രണ്ടാം ദിവസ പിന്നിട്ടപ്പോൾ അരലക്ഷത്തില ധികം പേർ പങ്കാളികളായെന്നാ ണ് വിലയിരുത്തൽ. ശുചീകര ണം ഇന്നു പൂർത്തിയാക്കുകയാ ണു ലക്ഷ്യം.

രാഷ്ട്രീയ കക്ഷികൾ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ, സന്ന ദ്ധ സംഘടനകൾ, സർക്കാർ വകു പ്പുകൾ, വിദ്യാഭ്യാസ സ്ഥാപന ങ്ങൾ എന്നിങ്ങനെ വിവിധ മേഖ ലകളിൽ നിന്നുള്ളവരാണു വീടു കളും വിദ്യാലയങ്ങളടക്കമുള്ള പൊതു സ്ഥാപനങ്ങളും വൃത്തി യാക്കാനിറങ്ങിയത്. മന്ത്രിമാരാ യ ടി.എം.തോമസ് ഐസക്, ജി .സുധാകരൻ, വി.എസ്.സുനിൽ കുമാർ, പി.തിലോത്തമൻ, സിപി ഐ നേതാവ് ആനി രാജ എന്നി വരുൾപ്പെടെയുള്ളവർ ശുചീകര ണത്തിൽ പങ്കാളികളായി.